# കൊക്കോകോള ആഗോളവികൃതികളിൽ ചിലത്

നിത്യാനന്ദ് ജയരാമൻ

പാലക്കാട് പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിക്കെതിരെ ഉയർന്നിട്ടുള്ള ആരോപണങ്ങൾ ഒറ്റപ്പെട്ടതല്ലെന്ന് സൂചനകൾ. രാജ്യത്തിനകത്തും പുറത്തുമായി സ്ഥിതിചെയ്യുന്ന കൊക്കകോളയുടെ വിവിധ പ്ലാന്റുകൾ നാട്ടുകാർക്ക് ഏറെ നാശം വിതയ്ക്കുന്നുണ്ട് എന്ന് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

കൊളംബിയയിലെ കാരപ്പയിലെ കൊക്കകോള കമ്പനിയിലെ ഒരു യൂണിയൻ നേതാവിനെ കമ്പനിയിലെ ചാവേർസംഘം കൊലപ്പെടുത്തിയതായി ഗറില്ല ന്യൂസ് നെറ്റ്‌വർക്ക് വെളിപ്പെടുത്തുന്നു. അമേരിക്കൻ ധനസഹായത്തോടെ കൊളംബിയയിലെ വ്യവസായസ്ഥാപനങ്ങളിൽ ചാവേർസംഘങ്ങൾ വ്യാപകമായി പ്രവർത്തിച്ചുവരുന്നുണ്ടത്രെ.

അമേരിക്കയിലെ ടെക്സാസിൽ നിലകൊള്ളുന്ന കൊക്കകോള കമ്പനി ഉപയോഗിക്കപ്പെട്ടതും കാലഹരണപ്പെട്ടതുമായ സോഡകാനുകൾ ആഫ്രിക്കൻ- അമേരിക്കൻ ജനതക്കിടയിൽ വീണ്ടും വില്പന നടത്തുന്നതായി കമ്പനിയിലെ തൊഴിലാളികൾ മെയ് മാസത്തിൽ ആരോപണമുന്നയിച്ചിരുന്നു.

ആന്ധ്രാപ്രദേശിലെ ഖാമാം ജില്ലയിലെ കോള കമ്പനി 225000 ലിറ്റർ ജലം പ്രതിദിനം ഊറ്റിയെടുക്കുന്നതായി സമ്രിതി എന്ന സംഘടനയിലെ ക്യാപ്റ്റൻ ജെ. രാമറാവു വെളിപ്പെടുത്തിയിട്ടുണ്ട്. 25000ത്തോളം ജനങ്ങൾ അധിവസിക്കുന്ന സാട്ടുപള്ളി ഗ്രാമം ഇതുമൂലം ശുദ്ധജലക്ഷാമം അനുഭവിക്കുകയാണ്.

ചെന്നൈയുടെ 40കി. മി വടക്കുപടിഞ്ഞാറുള്ള ആളൂർ വില്ലേജിൽ കിൻലെ മിനറൽ വാട്ടറിനായി കരാറടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന എം. വി. ആർ മിനറൽ വാട്ടർ 132000 ലിറ്റർ വെള്ളം ഓരോ ദിവസവും ഉപയോഗിക്കുന്നു. ഇതുമൂലം തദ്ദേശിയരുടെ കുടിവെള്ളം മുട്ടുന്ന അവസ്ഥയാണുള്ളതെന്ന് വിമൻസ് കളക്റ്റീവ് എന്ന സർക്കാരിതര സംഘടനയുടെ പ്രവർത്തകനായ എ. വി. ചന്ദ്ര വെളിപ്പെടുത്തുന്നു. സമീപഗ്രാമങ്ങളിലേയും ചെന്നൈ നഗരത്തിലേയും ജലസുരക്ഷിതത്വത്തെ കമ്പനി ദോഷകരമായി ബാധിക്കുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഈ പ്രദേശത്ത് വെള്ളം ഊറ്റിയെടുക്കുന്നതും മാലിന്യങ്ങൾ ഉണ്ടാക്കുന്നതുമായ വ്യവസായങ്ങൾ അപകടകരമാണെന്ന് തമിഴ്നാട് മലിനീകരണനിയന്ത്രണബോർഡ് ചെയർപേഴ്സൺ ഷീലാ റാണി ചുങ്കത്ത് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.